# കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷന്റെ
## നേതൃത്വത്തിൽ
# സെക്രട്ടറിയേറ്റ് ധർണ്ണ 2018 മാർച്ച് 22 ന്

സുഹൃത്തെ,

വൈദ്യുതി മേഖലയെ തകർക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തെറ്റായ നടപടികൾക്കെതിരെ **കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ** (INTUC) 2018 മാർച്ച് 22 ന് തിരുവനന്തപുരം സെക്രട്ടറിയേറ്റിന് മുന്നിൽ ധർണ്ണ നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. വൈദ്യുതി മേഖലയിൽ പണിയെടുക്കുന്നവരുടെ ആവശ്യങ്ങൾക്ക് മുമ്പിൽ എന്നും ക്രിയാത്മകമായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ള മുൻ മുഖ്യമന്ത്രി **ശ്രീ. ഉമ്മൻചാണ്ടിയാണ് ധർണ്ണ ഉത്ഘാടനം ചെയ്യുന്നത്.** ഈ ധർണ്ണ വൻ വിജയം ആക്കുന്നതിനുള്ള പിന്തുണ എല്ലാ ജീവനക്കാരിൽനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധർണ്ണയിൽ ഉന്നയിക്കുന്ന വിവിധ ആവശ്യങ്ങൾ

**1. ജനദ്രോഹ തൊഴിലാളി ദ്രോഹ വൈദ്യുതി നിയമ ഭേദഗതി ബിൽ പിൻവലിക്കുക:**

ഭേദഗതി ബിൽ പാർലമെന്റിൽ ഈ സമ്മേളനത്തിൽ ലിസ്റ്റ് ചെയ്തിട്ടില്ലെങ്കിലും അടുത്ത സമ്മേളനത്തിൽ ചർച്ചയ്ക്ക് വരാവുന്നതാണ്. ഇക്കാര്യത്തിൽ സംസ്ഥാന നിയമസഭ പ്രമേയം പാസ്സാക്കി കേരളത്തിന്റെ നിലപാട് കേന്ദ്രത്തിനെ അറിയിക്കണം. ഭേദഗതി ബിൽ നിയമമാകുന്നതോടെ വൈദ്യുതി മേഖലയിൽ സ്വകാര്യ കുത്തകകൾക്ക് കടന്ന് കയറാനാകും. പക്ഷേ കേന്ദ്ര വൈദ്യുതി ഭേദഗതി ബില്ലിന് മുമ്പ്തന്നെ KSEB Ltd നെ സ്വകാര്യ കുത്തകകൾക്ക് കൈമാറുന്ന നയമാണ് കേരളാ ഗവൺമെന്റും ബോർഡ് മാനേജുമെന്റും അതിവേഗത്തിൽ ചെയ്തു കൊണ്ടിരിക്കുന്നത്. കേരളത്തിൽ പുതിയ വൈദ്യുതിനയം വരാൻ പോകുന്നു എന്നാണ് അറിയുന്നത്. ഉപഭോക്താവിന് 2 മീറ്റർ റീഡിംഗ് സംവിധാനം, വിതരണ മേഖലയിൽ 11KV 2 ഫീഡർ ഇതൊക്കെ നടപ്പിലാക്കാൻ പോകുന്നു. റീ കൺഡക്റ്ററിംഗ് വർക്ക് പൂർത്തിയായിട്ടില്ല. പക്ഷേ കോടികൾ വായ്പയെടുത്ത് ബോർഡിനെ ഉടച്ച് വാർക്കുമെന്നാണ് പറയുന്നത്. ഇവിടുത്തെ പുതിയ നയം വീണ്ടുമൊരു വൈദ്യുതി നിയമം ഉണ്ടാക്കുവാൻ കേന്ദ്ര ഗവൺമെന്റിന് പ്രചോദനം ഉണ്ടാകാതിരിക്കട്ടെ.

1998 ലെ ഇടതു വൈദ്യുതി നയമാണ് പിന്നീട് വൈദ്യുതി നിയമം 2003 ന് പ്രേരകമായത്. 5 ലാഭ കേന്ദ്ര കമ്പനി, ഓരോ കമ്പനിക്കും 16 % ലാഭം, സ്വന്തമായ നിയമനം. റെഗുലേറ്ററി കമ്മീഷൻ, അങ്ങനെ പലതും 1998 ലെ ഇടത് വൈദ്യുതി നയമാണ്. പിന്നീട് ഇതാണ് കേന്ദ്ര ഗവൺമെന്റ് വൈദ്യുതി നിയമമായി മാറ്റിയത്.

**2. IIM റിപ്പോർട്ടിന്റെ പേരിൽ തസ്തികകൾ വെട്ടിനിരത്തുന്നത് അംഗീകരിക്കില്ല:**

ഇതിനുമുമ്പ് കേരളത്തിലെ വൈദ്യുതി മേഖലയിൽ പതിനായിരത്തോളം തസ്തികൾ ഇല്ലാതാക്കിയത് 1998 ലെ ഇടത് വൈദ്യുതി നയത്തിന്റെ ഭാഗമായിട്ടാണ്. അന്ന് ബോംബൈയിലും കാനഡയിലും പോയി പഠനം നടത്തിയാണ് തസ്തികകൾ ഒഴിവാക്കിയതെങ്കിൽ ഇപ്പോൾ IIM ന്റെ പേരിലും ജപ്പാനിലെ പഠനത്തിന്റെ പേരിലുമാണ് വെട്ടിനിരത്താൻ പോകുന്നത്.

**3. നിയമനനിരോധനം പിൻവലിക്കുക , തസ്തികൾ ഇല്ലാതാക്കിയ നടപടി റദ്ദ് ചെയ്യുക:**

സ്മാർട്ട് മീറ്റർ വരുന്നുവെന്ന പേര് പറഞ്ഞ് മീറ്റർ റീഡർ തസ്തിക ഇല്ലാതാക്കി. വൈദ്യുതി ബോർഡിന് റവന്യു നഷ്ടം ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന മെക്കാനിക്കൽ മീറ്ററുകൾ ഇതുവരെ മുഴുവനും മാറ്റിയിട്ടില്ല. നിലവിലുള്ള ചില മീറ്ററുകൾ പവർ സപ്ലൈ ഇല്ലായെങ്കിൽ റീഡിംഗ് എടുക്കുവാൻ സാധിക്കില്ല. അവയൊന്നും പരിഹരിക്കാതെയാണ് സ്മാർട്ട് ആകാൻ പോകുന്നത്. കോടികളുടെ പർച്ചേയ്സ്... അതിനുവേണ്ടി കോടികളുടെ വായ്പയെടുക്കൽ... അവസാനം സാമ്പത്തിക തകർച്ച. ശമ്പളം പെൻഷൻ ഇല്ലാതാക്കാൻ ഇതുതന്നെ ധാരാളം. പ്രീപെയ്ഡ് മീറ്റർ സംവിധാനം പലയിടത്തും പരാജയപ്പെട്ടതല്ലേ ആദ്യം AMR (Automated Meter Reading) സംവിധാനം HT-EHT ഉപഭോക്താക്കൾക്ക് ഏർപ്പെടുത്തിയിട്ടുപോരെ സാധാരണ ഉപഭോക്താക്കൾക്ക് (മാസംതോറും 100 രൂപയിൽ താഴെ ബിൽ തുക വരുന്ന) പതിനായിരം രൂപയുടെ ആഡംബര മീറ്റർ...... AMR സംവിധാനം ഏർപ്പെടുത്തിയാൽ സെക്ഷനോഫീസിലെ AE മാർക്ക് മാസംതോറും റീഡിംഗ് എടുക്കാൻ പോകേണ്ടകാര്യമില്ല. അങ്ങനെവന്നാൽ ഡയറി ഇറക്കുന്നതിനുള്ള ഫണ്ട് പിരിവിനുള്ള പരസ്യം മുടങ്ങുമെന്ന പേടിമൂലമാണോ ഇത് നടപ്പിലാക്കാത്തത്.

റവന്യു തകർക്കുന്നതിന്റെ ഭാഗമായി SA യും കാഷ്യറും വേണ്ടായെന്നു പറയുന്നു. ഏതൊരു സ്ഥാപനത്തിന്റേയും വിജയത്തിന്റെ അടിസ്ഥാനം സാമ്പത്തിക ഭദ്രതയാണ്. PMU ന്റെ പേരിൽ സെക്ഷൻ ഓഫീസുകൾ ഇല്ലാതാക്കാൻ പോകുന്നു. അങ്ങനെ എല്ലാ കാറ്റഗറിക്കും അന്ത്യം. കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി ബില്ലിനുമുമ്പേ ഇവിടെ പൊളിച്ചടുക്കുന്നു. ഇവിടെയാണ്

സംയുക്തമായി പ്രതികരിക്കേണ്ടത്.

**4. ഇടതു ഗവൺമെന്റുകൾ അധികാരത്തിലെത്തുമ്പോഴൊക്കെ ബോർഡിനെ നഷ്ടത്തിലാക്കുന്നു.**

2001 ൽ ഇടതുഗവൺമെന്റിന്റെ കയ്യിൽനിന്നും UDF ന്റെ കൈകളിൽ എത്തുമ്പോൾ KSEB 5000 കോടി രൂപ കടത്തിലായിരുന്നുവെങ്കിൽ വൈദ്യുതി മന്ത്രിമാരായിരുന്ന ശ്രീ. കടവൂർ ശിവദാസൻ, ശ്രീ. കെ.മുരളീധരൻ, ശ്രീ.ആര്യാടൻ മുഹമ്മദ് എന്നിവരുടെ ധീരമായ പ്രവർത്തനത്തിന്റെ ഫലമായി 2006 ൽ ഭരണത്തിൽനിന്നും മാറുമ്പോൾ 3000 കോടിരൂപ വിവിധ ബാങ്കുകളിലായി Fixed Deposit ഇട്ടതിനുശേഷം 250 കോടിരൂപ ലാഭവും ഉണ്ടാക്കി. ചരിത്രത്തിലാദ്യമായി ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ് കുറച്ച് നൽകി അന്നത്തെ UDF ഗവൺമെന്റ് മാതൃകയാവുകയാണുണ്ടായത്. എന്നാൽ ഇപ്പോൾ പറയുന്നു സ്ഥാപനം നഷ്ടത്തിലാണെന്നും പെൻഷൻ ഇല്ലാതാകും എന്നൊക്കെ...... അധികാരികളുടെ കെടുകാര്യസ്ഥതമൂലം നഷ്ടത്തിലാക്കി തകർക്കാൻ ഞങ്ങൾ അനുവദിക്കില്ല. ധൃതിപിടിച്ച് 10000 കോടി രൂപ കടമെടുത്ത് നമുക്ക് ബാധ്യത വരുത്തുവാനുള്ള നടപടിയിൽ നിന്നും പിൻമാറണം. സാമ്പത്തിക തകർച്ചവരുമ്പോൾ ആ ബാധ്യത ജീവനക്കാരുടെ തലയിൽ കെട്ടിവയ്ക്കും...... KSRTC യെപോലെയാക്കാനുള്ള ഗൂഢനീക്കമാണിത്. 82 ലക്ഷം മുടക്കി തിരുവനന്തപുരം വൈദ്യുതിഭവൻ ഓഫീസ് നവീകരണവും 25 ലക്ഷത്തിന്റെ ജപ്പാൻ യാത്രയും 30000 രൂപയുടെ മൊബൈൽ ഫോണും ഒക്കെ സാമ്പത്തികം മെച്ചപ്പെടുത്താനാണെന്ന് പറഞ്ഞാൽ അദ്ധ്വാനിക്കുന്ന തൊഴിലാളി വർഗവും അരിയാഹാരം കഴിക്കുന്ന കേരളീയരും അത് അംഗീകരിക്കില്ല. (നമ്മുടെ സെക്ഷൻ ഓഫീസുകൾ പലതും മഴയത്ത് ചോർന്നൊലിക്കുന്ന പഴയ കെട്ടിടത്തിലാണ് ഇപ്പോഴും പ്രവർത്തിക്കുന്നു എന്നുള്ളത് ഇതിനോട് ചേർത്ത് വായിക്കേണ്ടതാണ്)

**5. കെ. –ഫോണിന്റെ പേരിലും ബോർഡിനെ നഷ്ടത്തിലാക്കുന്നു.** K-Fon പദ്ധതി നടപ്പിലാക്കുന്നതിന്റെ പേരിൽ കേബിൾ വാടകയിനത്തിൽ ബോർഡിന് പ്രതിവർഷം ലഭിക്കുമായിരുന്ന 65 കോടി രൂപയാണ് ഇനിമുതൽ നഷ്ടമാവാൻ പോകുന്നത്.

**6. 200 MW സോളാർ പാർക്ക് എന്തിന് വേണ്ടെന്നുവച്ചു** 750 കോടി രൂപയ്ക്ക് വിലയില്ലേ.... അതോ വൈദ്യുതി ഉത്പാദനം വേണ്ടായെന്നാണോ..

കഴിഞ്ഞ UDF ഭരണകാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് ഒപ്പുവച്ച കരാർ ഇല്ലായിരുവെങ്കിൽ കേരളം ഇപ്പോൾ ഇരുട്ടിലായേനേ. പാർട്ടി ഗ്രാമങ്ങൾ പറയുന്നതാണോ KSEB നടപ്പിലാക്കേണ്ടത്.

**7. ജനറൽ ട്രാൻസ്ഫർ**

ട്രാൻസ്ഫറിന്റെ പേരിലുള്ള തീരുമാനങ്ങൾ ഓരോ ദിവസവും മാറിക്കൊണ്ടിരിക്കുന്നു. സീനിയോരിറ്റി മാനദണ്ഡം ജില്ലാതലത്തിൽ ആക്കുവാൻ പോകുന്നു. Posting Strength ന്റെ പേരിൽ എല്ലാ തസ്തികകളിലും എണ്ണം വെട്ടിക്കുറയ്ക്കുന്നു. കാഷ്യർ, ഓവർസിയർ, സീനിയർ അസിസ്റ്റന്റ്, സബ് എഞ്ചിനീയർ തുടങ്ങി എല്ലാ വിഭാഗങ്ങളെയും കുറയ്ക്കുന്നു. കൂടുന്നത് ഒരുവിഭാഗംമാത്രം അത് ചീഫ് എഞ്ചിനീയറാണ്. ബോർഡ് മെമ്പർമാരുടെ എണ്ണവും മാകസിമത്തിൽത്തന്നെയാണ്.

**8. CEA റെഗുലേഷന്റെ പേരിലും ജീവനക്കാരെ വെട്ടിനിരത്തുന്നു.**

KSEB Ltd ൽ നിലവിലുള്ള 25000 ത്തോളം ജീവനക്കാരെ ബാധിക്കുന്ന കേസിൽ (CEA Regulation - Aptel New Delhi) മുമ്പാകെ ഒരു Special Engagement അഡ്വക്കേറ്റിനെ വയ്ക്കാൻ ബോർഡ് തയ്യാറായിട്ടില്ല. എന്നാൽ ജീവനക്കാരുടെ ട്രാൻസഫർ & പോസ്റ്റിംഗ് ഉൾപ്പടെയുള്ള കാര്യങ്ങളിൽ നീതി നിഷേധിക്കുമ്പോൾ കോടതിയിൽ പോകുവാനുള്ള ഭരണഘടന അവകാശം നിഷേധിക്കുന്നതിനായി ബോർഡ് Special engagement വക്കീലിനെചുമതലപ്പെടുത്തി ജീവനക്കാരെ വെല്ലുവിളിക്കുന്നു.

കെടുകാര്യസ്ഥതമൂലം നമ്മുടെ സ്ഥാപനത്തെ നഷ്ടത്തിലാക്കി അതിന്റെ ഉത്തരവാദിത്തം എല്ലാം ജീവനക്കാരുടെ തലയിൽ കെട്ടിവച്ച് സ്വകാര്യ വൽക്കരിക്കുവാനുള്ള നീക്കം തടയുന്നതിന് ഒറ്റക്കെട്ടായി അണി ചേരൂ...

***ആർക്കുവേണ്ടി.... എന്തിനുവേണ്ടി.... എങ്ങോട്ട് ?***

***ഈ പോക്ക് അനുവദിച്ചുകൂടാ....***

വൈദ്യുതി ബോർഡിന്റെയും ജീവനക്കാരുടെയും പെൻഷൻകാരുടെയും അതിജീവനത്തിനായുള്ള ധർമ്മ സമരത്തിൽ അണി ചേർന്നുകൊണ്ട് ഈ ധർണ്ണ വിജയിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തിരുവനന്തപുരം
13.03.2018

**ജനറൽ സെക്രട്ടറി**

**KERALA ELECTRICITY EMPLOYEES CONFEDERATION**
**(INTUC)**

KEEC

**കെ.പി.ധനപാലൻ, കെ.സി.രാജൻ സിന്ദാബാദ്**